## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2867 — 19.06.2014 ൽ മറുപടിക്ക്

### സബ്സിഡി തുകയുടെ കാര്യക്ഷമമായ വിനിയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | ഭക്ഷ്യവസ്തുക്കൾക്ക് കഴിഞ്ഞ സർക്കാരിന്റെ അവസാനത്തെ മാസത്തെ വിലയെ ക്കാളും എത്ര ശതമാന ത്തിന്റെ വർദ്ധനവാണ് 2014 മെയ് മാസത്തെ വില സൂചിപ്പിക്കുന്നത്; | (എ) | 2011 ഏപ്രിൽ മാസത്തിലെയും 2014 മെയ് മാസത്തിലെയും അവശ്യസാധനങ്ങളുടെ വിലയിലെ ശതമാന വ്യത്യാസം അനുബന്ധം (I) ആയി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ വന്നതി നുശേഷം ഭക്ഷ്യ വകു പ്പിന് കീഴിലെ ഓരോ വിഭാഗത്തിനും ഓരോ വർഷവും എന്തു തുക അനുവദിച്ചു; എത്ര തുക ചെലവാക്കി; എത്ര തുക ചെലവാക്കിയില്ല വ്യക്ത മാക്കുമോ; | (ബി) | അനുബന്ധം (II) ആയി ചേർക്കുന്നു. |
| (സി) | ജനങ്ങൾക്ക് കുറഞ്ഞനിരക്കിൽ ഭക്ഷ്യവസ്തുക്കൾ നൽകുവാനായി ഏതെല്ലാം ഏജൻസി കൾക്ക് എന്തു തുക വീതം ഈ സർക്കാർ സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്; വർഷം തിരിച്ച് വിശദമാക്കുമോ; | (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഓരോ വർഷവും സിവിൽ സപ്ലൈസ് കോർപ്പറേഷന് സബ്സിഡിയായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | അനുവദിച്ച തുക ( കോടിയിൽ) |
|---|---|
| 2011-12 | 118.35 |
| 2012 -13 | 135.00 |
| 2013 -14 | 116.021 |
| 2014 -15 | 21.66 |

മറ്റ് ഏജൻസികൾക്ക് നൽകിയ തുകയുടെ വിവരം ശേഖരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം ഏജൻസിക ളുടെ മേധാവികൾ | (ഡി) | സിവിൽ സപ്ലൈസ് വകുപ്പിനു കീഴിലുള്ള ഉദ്യോഗസ്ഥരാരും സബ്സിഡി |

| | | | |
|---|---|---|---|
| | ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സബ്സിഡി ദുർവിനിയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്; അവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ; | | ദുർവിനിയോഗം ചെയ്തതായി കണ്ടെത്തിയിട്ടില്ല . മറ്റ് ഏജൻസികളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | ഈ സർക്കാരിന്റെ കാലത്ത് ഭക്ഷ്യ വകുപ്പിന്റെ അന്വേഷണങ്ങളിൽ എത്ര ഭക്ഷ്യോത്പന്ന പൂഴ്ത്തി വയ്പ്പുകാരെയും കരിഞ്ചന്തക്കാരെയും റേഷനരി, മണ്ണെണ്ണ കടത്തുകാരെയും കണ്ടെത്തി; അവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ: | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുവിപണിയിലുൾപ്പെടെ 93322 റെയ്ഡുകൾ നടത്തുകയുണ്ടായി. ടി റെയ്ഡുമായി ബന്ധപ്പെട്ട് 193 കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ കേസുകളിൽ ഇ.സി.ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. ടിയാളുകളിൽ നിന്നും പിടിച്ചെടുത്ത മണ്ണെണ്ണ ഭക്ഷ്യധാന്യങ്ങൾ തുടങ്ങിയവയ്ക്ക് പിഴ ഈടാക്കുകയും അവ സർക്കാരിലേക്ക് കണ്ടുകെട്ടുകയും ചെയ്യുന്നു. |
| (എഫ്) | ഇവരിൽ നിന്ന് എത്ര ടൺ ഭക്ഷ്യോൽപ്പന്നങ്ങൾ പിടികൂടി; ഇവ സംരക്ഷിക്കാൻ എന്തു നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ; | (എഫ്) | ഭക്ഷ്യധാന്യങ്ങൾ കടത്തിയതുമായി ബന്ധപ്പെട്ട് 387.654 ടൺ അരിയും 48.638 ടൺ ഗോതമ്പും 15.773 ടൺ പഞ്ചസാരയും 42499 ലിറ്റർ മണ്ണെണ്ണയും പിടിച്ചെടുത്തു. പിടിച്ചെടുത്ത ഭക്ഷ്യധാന്യങ്ങൾ പൊതുവിതരണ ശൃംഖല വഴി വിറ്റഴിക്കുകയും വില്പന വില റവന്യൂ ഡെപ്പോസിറ്റിൽ അടവ് വരുത്തുകയും ചെയ്തു. |
| (ജി) | പൊതുജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യോൽപ്പന്നങ്ങൾ നൽകാൻ നൽകുന്ന സബ്സിഡി തുകയുടെ വിനിയോഗം പരിശോധിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ട് എന്നും അവ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | (ജി) | നിലവിലെ സബ്സിഡി സാധനങ്ങളുടെ വിനിയോഗം പരിശോധിക്കാനുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വില്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അത് വഴി സബ്സിഡിയുടെ ദുർവിനിയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ട്. റേഷൻ കാർഡ് ഹാജരാക്കിയാൽ മാത്രമേ സബ്സിഡി ഉത്പന്നങ്ങൾ വിതരണം ചെയ്യാവൂ എന്ന് കർശന നിർദ്ദേശം എല്ലാ വില്പനശാലകളിലെയും ഓഫീസർ ഇൻ ചാർജ്ജിന് നൽകിയിട്ടുണ്ട്. |

കൂടാതെ എല്ലാ വില്പന ശാലകളിലും റേഷൻ കാർഡ് നമ്പർ മുഴുവനായി കമ്പ്യൂട്ടർ ബില്ലിൽ ചേർക്കാനും സബ്സിഡി സാധനങ്ങൾ വിതരണം ചെയ്ത വിവരങ്ങൾ എല്ലാ റേഷൻ കാർഡിലെ നിശ്ചിത പേജിലും സപ്ലൈകോയിൽ നിന്നും നൽകിയിട്ടുള്ള അഡീഷണൽ ഷീറ്റിലും പതിക്കേണ്ടതാണ് എന്ന നിർദ്ദേശവും നിലവിലുണ്ട്. അങ്ങനെ ഒരേ ഉപഭോക്താവ് ഒരേ കാർഡു മുഖേന നിശ്ചിത അളവിലും കൂടുതൽ സാധനങ്ങൾ ഒന്നിൽ കൂടുതൽ തവണ വില്പനശാലകളിൽ നിന്നു മേടിക്കുന്നത് തടയുവാൻ സാധിക്കുന്നതു മൂലം കൂടുതൽ ആളുകൾക്ക് സബ്സിഡി സാധനങ്ങൾ വിതരണം ചെയ്യാൻ സാധിക്കുന്നു. സബ്സിഡി സാധനങ്ങളുടെ ദുരുപയോഗം തടയുവാൻ എസ്.പി.റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ ഇന്റേർണൽ ഓഡിറ്റ് വിഭാഗം എന്നിവ മുഖേന വില്പനശാലകളിൽ പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ യഥേഷ്ടം ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി, സൂപ്പർമാർക്കറ്റ് തലത്തിലും പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ തലത്തിലും പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ച് നടപടി ആയിട്ടുണ്ട്. പൊതുജനങ്ങൾക്ക് അവിടെ പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി ഉപയോഗം യഥാവിധി നിരീക്ഷിക്കാൻ കോർപ്പറേഷന്റെ ഇന്റേണൽ ഓഡിറ്റ് വിഭാഗം നിരന്തരമായി ഔട്ട്ലെറ്റുകളിൽ പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതിനും പുറമേ ഒരു മാസം ഏറ്റവും ചുരുങ്ങിയത് 12 ഔട്ട്ലെറ്റുകൾ പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

Beena

**സെക്ഷൻ ഓഫീസർ**

അനുബന്ധം - I

| COMMODITY | Variety/Brand | Rs/Kg. | Rs./Kg | PERCENTAGE DIFFERENCE |
|---|---|---|---|---|
| RICE | Matta | 32 | 34 | 6.25 |
| RICE | Chamba | 29 | 38 | 31.03 |
| RICE-Raw | | 22 | 32 | 45.45 |
| WHEAT | | 26 | 31 | 19.23 |
| GREEN GRAM DHAL | | 80 | 100 | 25.00 |
| GREEN GRAM | | 78 | 94 | 20.51 |
| BLACK GRAM SPLIT W/o husk | | 76 | 82 | 7.89 |
| BLACK GRAM SPLIT With husk | | 68 | 70 | 2.94 |
| RED GRAM | | 46 | 60 | 30.43 |
| TUR DHAL | | 74 | 75 | 1.35 |
| BENGAL GRAM BOLD | | 48 | 50 | 4.17 |
| PEAS DHAL | | 26 | 42 | 61.54 |
| MASOOR DHAL | | 56 | 60 | 7.14 |
| SUGAR | | 30 | 37 | 23.33 |
| VANASPATHY | | 78 | 90 | 15.38 |
| TEA(LOOSE) 500 gm | No.one dust | 75 | 100 | 33.33 |
| TEA (PKD) 500 gm | Kannan Devan | 111 | 146 | 31.53 |
| CORRIANDAR | | 72 | 112 | 55.56 |
| CHILLIES DRY | | 114 | 83 | -27.19 |
| POTATO | | 16 | 35 | 118.75 |
| ONION | | 38 | [illegible] | 71.05 |
| SAVOLA | | 12 | 22 | 83.33 |
| SALT (PKD Iodised) | Springle | 8 | 10 | 25.00 |
| GUR | | 36 | 46 | 27.78 |
| COCONUT OIL (LOOSE) | | 102 | 165 | 61.76 |
| MILK (COWS) | Per Ltr. | 23 | 32 | 39.13 |
| ATTA (Wheat Flour) | | 26 | 27 | 3.85 |
| PALMOLEIN Per Ltr. | | 60 | 68 | 13.33 |
| Sunflower Oil | | 78 | 90 | 15.38 |
| Brinjal | | 12 | 28 | 133.33 |
| Cabbage | | 12 | 28 | 133.33 |
| Tomato | | 16 | 24 | 50.00 |

Beena
Section Officer

അനുബന്ധം – II

| സാമ്പത്തിക വർഷം | സ്ഥാപനം | ആവശ്യം | വകയിരുത്തിയ തുക(കോടിയിൽ) | ചെലവഴിച്ച തുക (കോടിയിൽ) | ചെലവഴിക്കാത്ത തുക (കോടിയിൽ) |
|---|---|---|---|---|---|
| 2011-12 | സപ്ലൈകോ | മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾ | 116.35 | 116.35 | |
| | സി.എഫ്.ആർ.ഡി | സി.എഫ്.ആർ.ഡി | 1.1 | 1.1 | - |
| 2012-13 | സപ്ലൈകോ | 1) മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾ | 135 | 135 | |
| | | 2) നെല്ല് സംഭരണം | 120 | 120 | - |
| | സി.എഫ്.ആർ.ഡി | സി.എഫ്.ആർ.ഡി | 1.5 | 1.5 | - |
| 2013-14 | സപ്ലൈകോ | 1)മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾ | 116.021 | 116.021 | - |
| | | 2)നെല്ല്സംഭരണം | 180 | 175.754 | 4.246 |
| | | 3) മില്ലുകളിൽ നിന്ന് പഞ്ചസാര നേരിട്ട് ശേഖരിക്കുന്നതിന് നൽകുന്ന അഡ്വാൻസ് | 25 | 25 | - |
| | സി.എഫ്.ആർ.ഡി | സി.എഫ്.ആർ.ഡി | 4.1 | 4.1 | 4.1 |
| 2014-15 | സപ്ലൈകോ | 1)മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾ | 65 | 21.66 (16.6.14 വരെ) | 43.34 |
| | | 2)നെല്ല്സംഭരണം | 180 | 150 (16.6.14 വരെ) | 130 |
| | സി.എഫ്.ആർ.ഡി | സി.എഫ്.ആർ.ഡി | 5 | – (16.6.14 വരെ) | 5 |

Beena
Section officer